# മഹാത്മാ ഗാന്ധി സർവ്വകലാശാല

പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം
*പ്രിയദർശിനി ഹിൽസ് പി.ഒ, കോട്ടയം-* 686560
***ഫോൺ:*** 0481-2733370

## വാർത്താക്കുറിപ്പ്

**2026 ഫെബ്രുവരി 21**

---

## എം.ജിയിൽ ബി.കോം അഡീഷണൽ ഇലക്ടീവ് കോഓപ്പറേഷൻ കോഴ്സ് : ഫെബ്രുവരി 28 വരെ അപേക്ഷിക്കാം

*മഹാത്മാഗാന്ധി സർവകലാശാലയിലെ സെന്റർ ഫോർ ഡിസ്റ്റൻസ് ആൻഡ് ഓൺലൈൻ എഡ്യൂക്കേഷൻ (CDOE) നടത്തുന്ന ഓൺലൈൻ ബി.കോം. അഡീഷണൽ ഇലക്ടീവ് കോ-ഓപ്പറേഷൻ കോഴ്സിലേയ്ക്ക് അപേക്ഷിക്കുവാനുള്ള അവസാന തീയതി ഫെബ്രുവരി 28 വരെ നീട്ടി. എംജി സർവകലാശാലയുടെ ബി.കോം. ബിരുദം വിജയകരമായി പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് ഈ കോഴ്സിലേക്ക് അപേക്ഷിക്കാവുന്നതാണ്. കോഴ്സ് ഫീസ് 6000 രൂപ. അപേക്ഷ ഫീസ് 1000 രൂപ. പ്രായപരിധി ഇല്ല. വിശദവിവരങ്ങൾക്കും അപേക്ഷ സമർപ്പിക്കുന്നതിനും www.cdoe.mgu.ac.in എന്ന വെബ് സൈറ്റ് സന്ദർശിക്കുക. ഫോൺ : 0481 2731010, 9188918258 ,9188918256, 8547852326.*

*(പി.ആർ.ഓ/39/164/2026)*

## <u>കമ്പ്യൂട്ടർ ലാബ് ഇൻ ചാർജ് താൽകാലിക നിയമനം</u>

*മഹാത്മാഗാന്ധി സർവകലാശാലയിൽ താത്കാലിക കരാർ അടിസ്ഥാനത്തിൽ കമ്പ്യൂട്ടർ ലാബ് ഇൻ ചാർജ് തസ്തികയിൽ നിയമനം നടത്തുന്നു. വിശദ വിവരങ്ങൾ വെബ് സൈറ്റിൽ www.mgu.ac.in. ഫോൺ - 0481 2733541*

*(പി.ആർ.ഓ/39/165/2026)*

## <u>അസിസ്റ്റന്റ് ഡയറക്ടർ നിയമനം</u>

*മഹാത്മാഗാന്ധി സർവകലാശാലയിലെ ഡയറക്ടറേറ്റ് ഓഫ് ഫിസിക്കൽ എജ്യുക്കേഷനിൽ വനിതാ അസിസ്റ്റന്റ് ഡയറക്ടർ തസ്തികയിൽ (ഓപ്പൺ വിഭാഗത്തിൽ-1) ഒരൊഴിവിലേക്ക് നിയമനത്തിനു അപേക്ഷ ക്ഷണിച്ചു. യുജിസി നിഷ്*

*കർഷിക്കുന്ന യോഗ്യതയുള്ളവരെയാണ് പരിഗണിക്കുന്നത്. പ്രായപരിധി 2026 ജനുവരി ഒന്നിന് 50 വയസ് കവിയരുത്. നിയമാനുസൃത വയസിളവ് അനുവദിക്കും.*

www.facultyrecruitment.mgu.ac.in

*മാർച്ച് ഏഴു വരെ ഓൺലൈനായി അപേക്ഷിക്കാം. ഹാർഡ് കോപ്പി സമർപ്പിക്കേണ്ട അവസാന തീയതി മാർച്ച് 12 വിശദവിവരങ്ങൾ വെബ്സൈറ്റിൽ.*

*(പി.ആർ.ഓ/39/166/2026)*

## പരീക്ഷാ ഫലം

*മൂന്നാം സെമസ്റ്റർ (പിജിസിഎസ്എസ്) എംഎസ്.സി സുവോളജി, ക്ലിനിക്കൽ ന്യൂട്രിഷൻ ആൻഡ് ഡയറ്റെറ്റിക്സ് (2024 അഡ്മിഷൻ റഗുലർ, 2019 മുതൽ 2023 വരെ അഡ്മിഷനുകൾ റീ അപ്പിയറൻസ്) നവംബർ 2025 പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു.പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും മാർച്ച് ഏഴു വരെ ഓൺലൈനിൽ അപേക്ഷിക്കാം.*

*(പി.ആർ.ഓ/39/167/2026)*

## പരീക്ഷയ്ക്ക് അപേക്ഷിക്കാം

*ആറാം സെമസ്റ്റർ (സിബിസിഎസ്) (പുതിയ സ്കീം-2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) ആറാം സെമസ്റ്റർ (സിബിസിഎസ്) ബി.എസ്.സി സൈബർ ഫോറൻസിക്ക് (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്) മാർച്ച് 2026 പരീക്ഷകൾക്ക് മാർച്ച് നാലു വരെ ഫീസ് അടച്ച് അപേക്ഷിക്കാം. ഫൈനോടുകൂടി മാർച്ച് അഞ്ചു വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് ഒമ്പതു വരെയും അപേക്ഷ സ്വീകരിക്കും.*

..............................

*ആറാം സെമസ്റ്റർ ബിഎ, ബികോം പ്രൈവറ്റ് രജിസ്ട്രേഷൻ (സിബിസിഎസ്) (2023 അഡ്മിഷൻ റഗുലർ, 2019 മുതൽ 2022 വരെ അഡ്മിഷനുകൾ റീഅപ്പിയറൻസ്, 2018 അഡ്മിഷൻ ആദ്യ മെഴ്സി ചാൻസ്, 2017 അഡ്മിഷൻ രണ്ടാം മെഴ്സി ചാൻസ്) മാർച്ച് 2026 പരീക്ഷകൾക്ക് മാർച്ച് നാലു വരെ ഫീസ് അടച്ച് അപേക്ഷിക്കാം ഫൈനോടുകൂടി മാർച്ച് അഞ്ചു വരെയും സൂപ്പർ ഫൈനോടുകൂടി മാർച്ച് ആറു വരെയും അപേക്ഷ സ്വീകരിക്കും.*

*(പി.ആർ.ഓ/39/168/2026)*

പബ്ലിക് റിലേഷൻസ് ഓഫീസർ